ജൂനിയർ ലാംഗ്വേജ് ടീച്ചേഴ്സിന്റെ പ്രമോഷൻ

414 [760] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സീനിയർ ലാംഗ്വേജ് ടീച്ചറായി നിയമിക്കപ്പെടാൻ യോഗ്യത നേടിയ ജൂനിയർ ലാംഗ്വേജ് ടീച്ചേഴ്സിനെ പ്രമോട്ടു ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) കാസർകോഡ് വിദ്യാഭ്യാസ ജില്ലയിൽ തച്ചങ്ങാട് ഗവൺമെന്റ് ഹൈസ്കൂളിൽ സീനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) ആയി ജോലിനോക്കുന്ന ജി. ഇന്ദിരാവതിയമ്മയ്ക്ക് നിയമപരമായി 4 വർഷം മുമ്പ് ലഭിക്കേണ്ടിയിരുന്ന പ്രമോഷൻ 1984–85 സ്കൂൾ വർഷം മാത്രമാണ് നൽകിയതെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആണെങ്കിൽ ഇന്ദിരാവതിയമ്മയ്ക്കു സീനിയർ ലാംഗ്വേജ് ടീച്ചറായി നിയമാനുസൃതം പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന തീയതി മുതൽ ആ നിലയിലുള്ള സർവ്വീസ് അംഗീകരിച്ചു കൊടുക്കുമോ;

(ഡി) ഇന്ദിരാവതി അമ്മയ്ക്ക് നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന പ്രമോഷൻ യഥാസമയം നൽകാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓരോ വർഷവും ഉണ്ടാകുന്ന സീനിയർ ലാംഗ്വേജ് ടീച്ചറുടെ ഒഴിവുകളുടെ 50% സർവ്വീസിലുള്ള യോഗ്യതയുള്ള അദ്ധ്യാപകരെ പ്രമോട്ടു ചെയ്തു നികത്തുന്നു. യോഗ്യതയുള്ള അദ്ധ്യാപകരുടെ സർവ്വീസ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ നിന്നുമാണ് ഇങ്ങനെ പ്രമോഷൻ കൊടുക്കുന്നത്.

(ബി) ശ്രീമതി ഇന്ദിരാവതി അമ്മയ്ക്ക് പ്രമോഷൻ കിട്ടിയിട്ടില്ലായെന്നും അവർക്ക് മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകണമെന്നും കാണിച്ചുകൊണ്ടുള്ള ഒരു നിവേദനം എഴുകോൽ കേരള സംസ്കൃത അക്കാഡമിയിൽനിന്നും വിദ്യാഭ്യാസ ഡയറക്ടർക്കു ലഭിച്ചു. അതിൻമേൽ കണ്ണൂർ ഡി.ഡി.യിൽ നിന്നും റിപ്പോർട്ടു വാങ്ങി പരിശോധിച്ചപ്പോൾ കണ്ണൂർ ഡി. ഡി. യിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിലുള്ള പിശകു കൊണ്ടാണ് ശ്രീമതി ഇന്ദിരാവതിയമ്മയ്ക്ക് പ്രമോഷൻ കിട്ടാതിരുന്നത് എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ ശരിയായവിധം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ശ്രീമതി ഇന്ദിരാവതിയമ്മയ്ക്കു പ്രമോഷൻ നൽകാൻ വേണ്ട നിർദ്ദേശം ഡി.പി.ഐ. 24–4–1984–ൽ കണ്ണൂർ ഡി.ഡി.ക്കു നൽകുകയുണ്ടായി. അതിൻപ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ വേണ്ട ഭേദഗതികളും വരുത്തുകയും ശ്രീമതി ഇന്ദിരാവതിയമ്മയ്ക്കു സീനിയർ ലാംഗ്വേജ് ടീച്ചറായി പ്രമോഷൻ കൊടുത്തുവെന്നും കണ്ണൂർ ഡി.ഡി.ഇ. 27–7–1985–ൽ വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതിനുശേഷം പരാതി ഒന്നും കിട്ടിയിട്ടില്ല.

(സി) ശ്രീമതി ഇന്ദിരാവതി അമ്മ ഈ ആവശ്യം ഹർജി മുഖാന്തിരം ഉന്നയിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിലുള്ള പാകപ്പിഴമൂലമാണ് ശ്രീമതി ഇന്ദിരാവതി അമ്മയ്ക്ക് നേരത്തെ പ്രമോഷൻ നൽകാൻ കഴിയാതെ വന്നത്. പാർട്ടൈം സീനിയർ ലാംഗ്വേജ് ടീച്ചേഴ്സിനു മുൻഗണനകൊടുക്കണമെന്ന ധാരണയിലാണ് കണ്ണൂർ ഡി.ഡി. സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. തെറ്റു മനസ്സിലായപ്പോൾ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്യുകയും ശ്രീമതി ജി. ഇന്ദിരാവതിയമ്മയ്ക്ക് പ്രമോഷൻ കൊടുക്കുകയും ചെയ്ത സാഹചര്യത്തിൽ നടപടികൾ എടുക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

New Pre-Primary Schools

415 [762] **Dr. A. Subba Rao;** Will the Minister for Education be pleased to state:

(a) The number of Pre-primary classes sanctioned and functioning in the year 1984.85;

(b) Whether any new pre-primary schools or classes are proposed to be sanctioned this year ie. 1985.86;

(c) If so the number and location of those schools;

(d) Whether adequate qualified teachers are posted in all these classes opened so far;

(e) If not, whether the Government has any proposal to start any training schools for the teachers for the pre-primary classes and if so the number of schools proposed to be opened in 1985.86?

Answer

(a) 31

(b) The matter is under consideration of Government.

(c)

(d) Yes

(e) Does not arise.

നുച്ചിയാട് ഗവൺമെൻറ് യു.പി. സ്കൂൾ

416 [763] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നുച്ചിയാട് ഗവൺമെൻറ് യു.പി. സ്കൂൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും ഗവൺമെൻറിലേക്കു നൽകാൻ തയ്യാറാണെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly